പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1127 13/12/2012 ൽ മറുപടിയ്ക്ക്

സ്കൂൾ പുസ്തകം അധികമായി അച്ചടിച്ച വകയിൽ ഖജനാവിന് വന്ന അധിക ചെലവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. കെ.എസ്. സലീഖ | | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| എ) | 2012-13 അധ്യയന വർഷം സ്കൂൾ പുസ്തകം അധികമായി അച്ചടിച്ച വകയിൽ ഖജനാവിന് എന്ത് തുകയുടെ അധിക ചെലവ് വന്നുവെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | 2012-13 അധ്യയന വർഷം സ്കൂൾ പാഠപുസ്തകങ്ങൾ അളവിൽക്കവിഞ്ഞ് അച്ചടിച്ചിട്ടില്ല. ആകയാൽ ഖജനാവിന് അധികച്ചെലവുണ്ടായിട്ടില്ല. |
| ബി) | 2012-13 ൽ ഒന്നു മുതൽ പത്ത് വരെ ക്ലാസ്സുകളിലേയ്ക്ക് എത്ര ലക്ഷം പുസ്തകങ്ങളാണ് അധികമായി അച്ചടിച്ചത് ; വ്യക്തമാക്കുമോ ; | (ബി) | 2012-13 അദ്ധ്യയന വർഷത്തിൽ 340 ടൈറ്റിലുകളായി 3,80,94,500 കോപ്പി പുസ്തകങ്ങൾ അച്ചടിച്ചു. മുൻ വർഷത്തെ 1,17,82,382 സ്റ്റോക്ക് ബാലൻസും കൂടിച്ചേർത്ത് 4,98,76,882 കോപ്പികൾ വിതരണത്തിനായി തയ്യാറാക്കിയിരുന്നു. ഇതിൽ സംസ്ഥാനത്തെ ഗവൺമെന്റ്, എയിഡഡ്, അൺഎയിഡഡ് വിദ്യാലയങ്ങൾക്കായി 4,46,74,324 കോപ്പികൾ വിതരണം ചെയ്തു. 52,02,558 കോപ്പികൾ ബാക്കി വന്നു. ഇത് അടുത്ത വർഷത്തേക്ക് ഉപയോഗിക്കാവുന്നതിനാൽ ഇപ്രകാരമല്ലാതെ പാഠപുസ്തകങ്ങൾ ആവശ്യത്തിലും അധികമായി അച്ചടിച്ചിട്ടില്ല. |
| സി) | വിദ്യാഭ്യാസ വകുപ്പിന്റെ ഉന്നത ഉദ്യോഗസ്ഥരുടെ അനാസ്ഥയെയാണോ ഇത് സൂചിപ്പിക്കുന്നത് ; വിശദമാക്കുമോ ; | (സി) | യാതൊരു തരത്തിലുള്ള അനാസ്ഥയും പാഠപുസ്തക അച്ചടിയിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി) | സൗജന്യ പാഠപുസ്തകം നൽകിയ വകയിൽ 2012-13 അധ്യയനവർഷം സർക്കാർ എന്ത് തുക ചെലവഴിച്ചു; | (ഡി) | ഒന്നാം ക്ലാസ്സിൽ സൗജന്യ പാഠപുസ്തകം നൽകിയ വകയിൽ 2012-13 അധ്യയനവർഷം 1,82,22,350/- രൂപ ചെലവഴിച്ചു. |

(ഇ) സൗജന്യ യൂണിഫോം നൽകിയ വകയിൽ 2012-13 അധ്യയനവർഷം സർക്കാർ എന്ത് തുക ചെലവഴിച്ചു ;

(ഇ) സർക്കാർ സ്കൂളുകളിൽ പഠിക്കുന്ന ഒന്നാം ക്ലാസ്സു മുതൽ 8-ാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യ യൂണിഫോം നൽകിയ വകയിൽ 2012-13 അധ്യയനവർഷം 2952.04 ലക്ഷം രൂപ എസ്.എസ്.എ. ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

എഫ്) എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികൾക്ക് കൂടി 2013-14 അധ്യയനവർഷം സൗജന്യ യൂണിഫോം നൽകുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(എഫ്) കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ നിലവിലെ മാനദണ്ഡ മനുസരിച്ച് എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം വിതരണം ചെയ്യാൻ നിർവ്വാഹമില്ല. കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഇത് പരിഗണിക്കുന്നതാണ്.

ജി) ഇപ്പോൾ പാഠപുസ്തകവിതരണം ഏത് ഏജൻസി മുഖേനയാണ് നടത്തുന്നത് ;

(ജി) കേരള ബുക്ക് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി മുഖേന ഇന്ത്യൻ തപാൽ വകുപ്പിന്റെ സഹകരണത്തോടുകൂടിയാണ് പാഠപുസ്തക വിതരണം നടത്തുന്നത്.

എച്ച്) സംസ്ഥാന ബഡ്ജറ്റിൽ എത്ര ശതമാനം തുക 2012-13 അധ്യയനവർഷം ചിലവഴിക്കാൻ പൊതു വിദ്യാഭ്യാസ വകുപ്പിന് മാറ്റിവച്ചു. ആയതിൽ ഇതു വരെ എത്ര തുക ചെലവഴിച്ചു; പ്രസ്തുത തുക കൃത്യമായി വിനിയോഗിക്കുന്നു ണ്ടോയെന്ന് വിലയിരുത്തുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ ?

(എച്ച്) 2012-13 അധ്യയന വർഷത്തേക്ക് പൊതുവിദ്യാഭ്യാസ വകുപ്പിന് ആകെ 94,48,04,52,000/- രൂപ പദ്ധതി ഇനത്തിലും പദ്ധതിയിതര ഇനത്തിലുമായി വകയിരുത്തിയിട്ടുണ്ട്.

പ്രസ്തുത തുകകൾ ചെലവഴിച്ചതിനെ സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ചു നൽകുന്നതാണ്. തുകകളുടെ വിനിയോഗത്തെ സംബന്ധിച്ച് ഓരോ മാസവും ജില്ലാതല ഉദ്യോഗസ്ഥന്മാരിൽ നിന്നും റിപ്പോർട്ടുകൾ ശേഖരിക്കുകയും വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ചുമതലപ്പെട്ട യൂണിറ്റ് മേധാവികൾ ഓരോ സ്കീമിനും

ചെലവഴിക്കേണ്ട പ്രോഗ്രാമുകൾ തയ്യാറാക്കുകയും ഇവ കൃത്യമായി എല്ലാ മാസവും വിദ്യാഭ്യാസ ഡയറക്ടർ അവലോകനം ചെയ്തുവരുകയും ചെയ്യുന്നുണ്ട്. ഇവയെ സംബന്ധിച്ചുള്ള സ്ഥിതിവിവര കണക്കുകൾ അടങ്ങിയ വിശദാംശങ്ങൾ ഓരോ മാസവും ബന്ധപ്പെട്ട ഭരണ വകുപ്പിനും പ്ലാനിംഗ് വകുപ്പിനും സമർപ്പിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ